കെ. എസ്. ആർ. ടി. സി. ഡിപ്പോകളുടെയും സബ് ഡിപ്പോകളുടെയും റീജിയണൽ വർക്കുഷോപ്പുകളുടെയും പണി

822 [1015] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര കെ. എസ്. ആർ. ടി. സി. ഡിപ്പോകൾക്കും സബ് ഡിപ്പോകൾക്കും റീജിയണൽ വർക്ക് ഷോപ്പുകൾക്കും പുതുതായി പണികൾ ആരംഭിച്ചു എന്നും അതെവിടെയെല്ലാം എന്നും വ്യക്തമാക്കാമോ ;

(ബി) അതിനോരോന്നിനും നാളിതുവരെ ചെലവഴിച്ച തുക എത്ര ;

(സി) പ്രസ്തുത പണികൾ നിറുത്തിവച്ചിട്ട് പകരം യാത്രാക്ലേശം പരിഹരിക്കാൻ വേണ്ട നടപടി സ്വീകരിക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാറശ്ശാല, കരുനാഗപ്പള്ളി, മാവേലിക്കര, പൂവ്വാർ, ചിറ്റൂർ, തത്തമംഗലം, താമരശ്ശേരി, കിളിമാനൂർ, പേരൂർക്കട, മാള, വടക്കൻ പറവൂർ, ഈരാറ്റുപേട്ട എന്നീ സ്ഥലങ്ങളിൽ ബസ് സ്റ്റേഷനുകൾക്കും തമ്പാനൂരിൽ മദർ ഗ്യാരേജിനും പാറശ്ശാലയിൽ റീജിയണൽ വർക്കുഷോപ്പിനും പണി തുടങ്ങിയിട്ടുണ്ട്.

(ബി) ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

പാറശ്ശാല—31,61,393 രൂപ
കരുനാഗപ്പള്ളി—6,20,568 രൂപ
മാവേലിക്കര—8,92,872 രൂപ
പൂവ്വാർ—15,27,718 രൂപ
ചിറ്റൂർ തത്തമംഗലം—10,00,729 രൂപ
താമരശ്ശേരി—7,26,208
കിളിമാനൂർ—15,40,105 രൂപ
പേരൂർക്കട—3,88,069
മാള—4,03,463 രൂപ
വടക്കൻ പറവൂർ—തുക നൽകിയില്ല
ഈരാറ്റുപേട്ട—4,27,286 രൂപ
മദർഗ്യാരേജ്, തമ്പാനൂർ—40,24,834 രൂപ
റീജിയണൽ വർക്ക്ഷോപ്പ്, പാറശ്ശാല—20,81,514 രൂപ

(സി) പ്രസ്തുത പണികൾ നിറുത്തിവച്ചിട്ട് യാത്രാക്ലേശം പരിഹരിക്കുവാൻ നടപടി സ്വീകരിക്കുവാൻ നിർവ്വാഹമില്ല.

കെ. എസ്. ആർ. ടി. സി. യിലെ താൽക്കാലിക ജീവനക്കാർ

823 [1016] ശ്രീ. എ. വി. താമരാക്ഷൻ :
,, കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ആർ. ടി. സി. യിൽ പി. എസ്. സി. ലിസ്റ്റ് വന്നിട്ടും താൽക്കാലിക ജീവനക്കാരെ പിരിച്ചു വിടാത്തതിന്റെ കാരണം വ്യക്തമാക്കാമോ ;

(ബി) പി. എസ്. സി. ലിസ്റ്റ് നിലവിലിരിക്കെ തന്നെ താൽക്കാലിക ജീവനക്കാരെ നിയമിക്കാൻ കാരണമെന്ത് ;

(സി) താൽക്കാലിക ജീവനക്കാരെ പിരിച്ചുവിടുന്നതിന് ഗവൺമെന്റ് തീരുമാനിച്ചുവോ ;

(ഡി) എങ്കിൽ എത്ര പേരെ :

LIBRARY ARCHIVES Kerala Legislative Assembly

(ഇ) അവർക്ക് വീണ്ടും നിയമനം നൽകിയോ ;

(എഫ്) എങ്കിൽ കാരണമെന്തെന്ന് വ്യക്തമാക്കാമോ ;

(ജി) താൽക്കാലിക ജീവനക്കാരെ പിരിച്ചുവിട്ട് പി. എസ്. സി. ലിസ്റ്റിലുള്ളവരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 23-9-1986-ൽ 240 ഡ്യൂട്ടി തികയാത്ത 136 പ്രൊവിഷണൽ ജീവനക്കാരെ ഇതിനകം പിരിച്ചുവിട്ടുകഴിഞ്ഞു.

(ബി) 7-10-1986-മുതൽ കെ.എസ്.ആർ. ടി. സി. യിലെ ഒരു വിഭാഗം ജീവനക്കാർ അനിശ്ചിതകാല പണിമുടക്ക് നടത്തിയപ്പോഴും കോർപ്പറേഷന്റെ സുഗമമായ പ്രവർത്തനത്തിനുവേണ്ടി പിരിച്ചുവിടപ്പെട്ട പ്രൊവിഷണൽ ജീവനക്കാരെ ഡ്യൂട്ടിക്ക് നിയോഗിച്ചു. പി. എസ്. സി. ലിസ്റ്റിൽ നിന്ന് ആളെ എടുത്ത് ട്രെയിനിംഗ് കൊടുത്ത് നിയമിക്കാനുള്ള സാഹചര്യം അപ്പോഴും നിലവിലില്ലായിരുന്നു.

(സി, ഡി) സ്പെഷ്യൽ റിക്രൂട്ടുമെന്റ് മുഖേന പി. എസ്. സി. അഡ്വൈസ് ചെയ്ത 241 പേരെ നിയമിക്കുന്നതിനുവേണ്ടി അത്രയും താൽക്കാലിക ജീവനക്കാരെ പിരിച്ചുവിടാൻ ഗവൺമെന്റ് കോർപ്പറേഷന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) നൽകിയിട്ടില്ല.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

(ജി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

കെ. എസ്. ആർ. ടി. സി. യിലെ നിയമനം സംബന്ധിച്ച കോടതി നിർദ്ദേശം

824 [1017] ശ്രീ. ഒ. ഭരതൻ :
ശ്രീമതി കെ. ആർ. ഗൗരി :
ശ്രീ. ടി. കെ. അബ്ദു :
,, സി. ടി. കൃഷ്ണൻ :
,, ടി. കെ. ആറുമുഖൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) കെ. എസ്. ആർ. ടി. സി. യിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം ലഭിച്ചവരെ ഒഴിവാക്കി അതിനുപകരം പി. എസ്. സി. റാങ്ക് ലിസ്റ്റിൽ ഉള്ളവരെ നിയമിക്കണമെന്ന് ഏതെങ്കിലും കോടതി നിർദ്ദേശിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിൻപടി നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കെ. എസ്. ആർ. ടി. സി. യിൽ കണ്ടക്ടർമാരായി നിയമിക്കുന്നതിലേക്ക് 19-1-1985-ൽ പി. എസ്. സി. പ്രസിദ്ധീകരിച്ച ലിസ്റ്റിൽ നിന്ന് മാത്രമേ നിയമനം നടത്താവൂ എന്ന് കോടതി നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) ഇതു സംബന്ധിച്ചും ഒരു കേസ് ഹൈക്കോടതിയിൽ നിലവിലുള്ളതിനാൽ അതിൽ തീരുമാനമായാൽ മാത്രമേ നിയമനം നടത്തേണ്ടകാര്യം പരിഗണിക്കാൻ നിർവാഹമുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly